REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 29-03-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന് ഇന്നലെ സംസ്ഥാനത്ത് വിവിധ മണ്ഡലങ്ങളിലായി 14 പേർ നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു.
2. മാർച്ച് 25 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷിച്ചിരുന്നവർക്കാണ് ഇത്തവണ ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ഉണ്ടാവുകയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
3. ലോകമെമ്പാടും ക്രൈസ്തവർ ഇന്ന് ദു:ഖവെള്ളി ആചരിക്കുന്നു.
4. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ താപനില കൂടുതൽ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
5. ഐ.പി.എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന്റെ ആദ്യ ദിവസമായ ഇന്നലെ സംസ്ഥാനത്ത് വിവിധ മണ്ഡലങ്ങളിലായി 14 പേർ നാമ നിർദ്ദേശ പത്രിക സമർപ്പിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്).................

**കൊല്ലം ലോക്സഭാമണ്ഡലത്തിലെ LDF സ്ഥാനാർത്ഥി എം. മുകേഷും രണ്ടു കക്ഷിരഹിതരും പത്രിക സമർപ്പിച്ചു. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ എസ്.യു.സി.ഐ സ്ഥാനാർത്ഥിയും കക്ഷിരഹിതനും ഉൾപ്പെടെ നാല് പേർ പത്രിക നൽകി. കാസർഗോഡ് മണ്ഡലത്തിൽ എൻ.ഡി.എ സ്ഥാനാർത്ഥി എം.എൽ.അശ്വിനി, എ.വേലായുധൻ എന്നിവർ പത്രിക സമർപ്പിച്ചു. തൃശൂർ, കോഴിക്കോട്, എറണാകുളം, മാവേലിക്കര, കോട്ടയം മണ്ഡലങ്ങളിൽ ഓരോ സ്ഥാനാർഥികൾ വീതമാണ് ഇന്നലെ പത്രിക നൽകിയത്.**

**സംസ്ഥാനത്ത് അടുത്ത വ്യാഴാഴ്ച വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. വെള്ളിയാഴ്ചയാണ് സൂക്ഷ്മ പരിശോ ധന. ഏപ്രിൽ 8 വരെയാണ് പത്രിക പിൻവലിക്കാൻ സമയം അനുവദിച്ചിരിക്കുന്നത്.**

✪✪✪

**ലോക്സഭാ തെരെഞ്ഞെടുപ്പ് ചെലവ് നിരീക്ഷിക്കുന്നതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച ചെലവ് നീരീക്ഷകർ സംസ്ഥാനത്ത് വിവിധ മണ്ഡലങ്ങളിലെത്തി. കോഴിക്കോട് മണ്ഡലത്തിന്റെ ചുമതലയുള്ള ഡോ.സുനിൽ N റാനോട്ട്, കാസർകോട്ടെ നീരീക്ഷകൻ ആനന്ദ് രാജ്, ആറ്റിങ്ങലിലെ രവികാന്ത് കുമാർ ചൗധരി, തിരുവനന്തപുരത്തെ നീരീക്ഷകൻ മാനവ് ബൻസാൽ എന്നിവർ ഇന്നലെ എത്തി.**

**വടകര പാർലമെന്റ് നിയോജക മണ്ഡലത്തിന്റെ നിരീക്ഷകൻ മോണിക്ക ഹർഷദ് പാണ്ഡേ ഇന്ന് രാവിലെ എത്തിച്ചേരും.**

**ഒബ്സർവർമാർ ഇന്ന് ജില്ലാ കലക്ടർമാരുമായും മറ്റു ഉദ്യോഗസ്ഥൻമാരുമായും കൂടിക്കാഴ്ച നടത്തും.**

✪✪✪

**മാർച്ച് 25 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷിച്ചിരുന്നവർക്കാണ് ഇത്തവണ ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ഉണ്ടാവുകയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഇവരുടെ അപേക്ഷകൾ ഏപ്രിൽ നാല് വരെ നടക്കുന്ന ഉദ്യോഗസ്ഥ തല പരിശോധനയ്ക്കുശേഷം അർഹരായവരെ ഉൾക്കൊള്ളിച്ച് അന്തിമമായ പട്ടിക തയ്യാറാക്കും. പുതുതായി പേര് ചേർത്തവരെ നിലവിലെ വോട്ടർ പട്ടികയിൽ അനുബന്ധമായി ചേർക്കുകയാണ് ചെയ്യുന്നത്. ഇവർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്താൻ കഴിയും. ഏപ്രിൽ നാലുവരെ അപേക്ഷിക്കുന്നവർക്ക് ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ഉണ്ടാകും എന്ന തെറ്റായ സന്ദേശം പ്രചരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാണ് ഈ അറിയിപ്പ് നൽകുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.**

✪✪✪

**ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനത്തെ കുറിച്ച് അറിയിക്കുന്ന സി-വിജിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖേന എറണാകുളം ജില്ലയിൽ ഇതുവരെ 3,962 പരാതികൾ ലഭിച്ചതായി അധികൃതർ അറിയിച്ചു. ഇതിൽ 3,916 എണ്ണം ശരിയാണെന്ന് കണ്ടെത്തി പരിഹരിച്ചുവെന്നും അവർ അറിയിച്ചു.**

**തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ രൂപീകരിച്ച ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡുകളുടെ നേതൃത്വത്തിൽ പൊതു ഇടങ്ങളിൽ നിന്ന് 3,347 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തതായും അധികൃതർ അറിയിച്ചു.**

✪✪✪

**ലോക്സഭ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടലംഘനവുമായി ബന്ധപ്പെട്ട് MCC നിരീക്ഷണ സ്ക്വാഡുകൾ കണ്ണൂർ ജില്ലയിൽ ഇതുവരെ 12,966 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു. പൊതുസ്ഥലത്തെ 12,887 പ്രചാരണ സാമഗ്രികളും, സ്വകാര്യ സ്ഥലത്ത് അനുമതിയില്ലാതെ സ്ഥാപിച്ച 79 എണ്ണവുമാണ് ഇതുവരെ മാറ്റിയത്.**

✪✪✪

**വയനാട് ജില്ലയിൽ മൂന്ന് മുന്നണികളുടെയും തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. മുഴുവൻ വോട്ടർമാരെയും പോളിംഗ് ബൂത്തുകളിലെത്തിക്കുന്നതിനായി ജില്ലാ ഇലക്ഷൻ വിഭാഗവും, ഇലക്ഷൻ പ്രചാരണ വിഭാഗവും രംഗത്തുണ്ട്.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.**

**....................(വോയ്സ്)......................**

✪✪✪

**ക്രൈസ്തവ വിശ്വാസികൾ ഇന്ന് ദു:ഖവെള്ളി ആചരിക്കുന്നു. ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനാ ചടങ്ങുകൾ ആരംഭിച്ചു. യേശുവിന്റെ പീഡാനുഭവത്തിന്റേയും, സഹനത്തിന്റേയും, കുരിശ്ശു മരണത്തിന്റേയും ഓർമ പുതുക്കാൻ കുരിശിന്റെ വഴിയിലും വിശ്വാസികൾ പങ്കെടുക്കും**

**രാവിലെ കോഴിക്കോട് താമരശ്ശേരി ചുരത്തിൽ കുരിശ്ശിന്റെ വഴി നടക്കും. അടിവാരം ഗദ് സെമൻ ഗ്രോട്ടോയിൽ നിന്നും ലക്കിടി മൗണ്ട് സീനായ്**

**ദേവാലയത്തിലേയ്ക്ക് പതിനാറ് കിലോമീറ്റർ ദൂരം ചെറുസംഘങ്ങളായി നടക്കും. രാവിലെ മുൻ M.L.A കെ.സി റോസക്കുട്ടി സന്ദേശം നൽകും. ഫാദർ തോമസ് തുണ്ടത്തിൽ C.M.I നേതൃത്വം നൽകും.**

✪✪✪

**പത്തു വർഷത്തിനിടെ കേരളത്തിന്റെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് 1 കോടി 55 ലക്ഷം രൂപ നൽകിയതായി കേന്ദ്രമന്ത്രി നിർമ്മാലാ സീതാരാമൻ പറഞ്ഞു. NDA തിരുവനന്തപുരം ലോക്സഭാ മണ്ഡലം തിരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.**

**R.B.I യുടെ പട്ടികയിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആദ്യത്തെ 5 സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണെന്നും ഈ അവസ്ഥയ്ക്ക് കാരണം സംസ്ഥാന ഗവൺമെന്റാണെന്നും നിർമല സീതാരാമൻ ആരോപിച്ചു.**

✪✪✪

**പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി കെ എസ് സിദ്ധാർത്ഥിന്റെ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ പ്രത്യേക അന്വേഷണ കമ്മീഷനെ നിയമിച്ചു. കേരള ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ജഡ്ജ് ജസ്റ്റിസ് എ ഹരിപ്രസാദിന്റെ നേതൃത്വത്തിലാണ് അന്വേഷണം. വയനാട് മുൻ DYSP V.G കുഞ്ഞൻ അന്വേഷണത്തിന് സഹായിക്കും.**

✪✪✪

**ബെംഗളൂരുവിലെ രാമേശ്വരം കഫേ സ്ഫോടനക്കേസിലെ മുഖ്യ സൂത്രധാരനെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. കർണാടക, തമിഴ്നാട്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളിൽ NIA നടത്തിയ റെയ്ഡിനെ തുടർന്നാണ് അറസ്റ്റ്. ഈ മാസം ആദ്യം നടന്ന സ്ഫോടനത്തിൽ നിരവധി പേർക്ക് പരിക്കേറ്റിരുന്നു.**

✪✪✪

**സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ അടുത്ത മൂന്ന് ദിവസം താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യത. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരും. ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരത്ത് 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.**

✪✪✪

മിയാമി ഓപ്പൺ ടെന്നീസിൽ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ - ഓസീസ് താരം മാത്യു എബ്ഡൻ സഖ്യം ഫൈനലിൽ പ്രവേശിച്ചു. നാളെ ഫൈനലിൽ അമേരിക്കയുടെ ഓസ്റ്റിൻ ക്രാജിസെക്കിനെയും ക്രൊയേഷ്യയുടെ ഇവാൻ ഡോഡിഗിനെയുമാണ് ഇവർ നേരിടും.

✪✪✪

കിഴക്കൻ ഉത്തർപ്രദേശിലെ മവു മണ്ഡലം എംഎൽഎ ആയിരുന്ന മുക്താർ അൻസാരി അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ബന്താ മെഡിക്കൽ കോളേജിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം.

2005 മുതൽ പോലീസ് കസ്റ്റഡിയിലായിരുന്ന ഇയാൾ മവു നിയോജക മണ്ഡലത്തിൽ നിന്ന് അഞ്ചു തവണ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

✪✪✪

മാഡ്രിഡ് സ്പെയിൻ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റ് വനിതാ സിംഗിൾസിൽ ഇന്ത്യൻ താരം പി.വി. സിന്ധു ക്വാർട്ടറിൽ പ്രവേശിച്ചു. തായ്‌വാൻ താരം Y.ഹുവാങ്ങിനെയാണ് സിന്ധു പരാജയപ്പെടുത്തിയത്. ക്വാർട്ടർ ഫൈനലിൽ തായ്‌ലൻഡിന്റെ സുപനിദ കാറ്റേതോങ്ങിനെ സിന്ധു നേരിടും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കോഴിക്കോട് ജില്ലയിൽ സ്റ്റാറ്റിക് സർവൈലൻസ് സ്ക്വാഡ് നടത്തിയ പരിശോധനയിൽ മതിയായ രേഖകളില്ലാതെ കൊണ്ടു പോയ 58,000 രൂപ പിടികൂടി. ഇന്നലെ എലത്തൂരിന് സമീപം നടത്തിയ പരിശോധനയിലാണ് പണം കണ്ടെത്തിയത്. ഇതുവരെ ഒരു ലക്ഷത്തി 64,500 രൂപ പിടിച്ചെടുത്തിട്ടുണ്ട്.

✪✪✪